# Deepika

## 19 August 2018

## Kochi, Flood Affected Areas, Bad Weather, Aerial View, Prime Minister

മോശം കാലാവസ്ഥയിൽ പ്രധാനമന്ത്രിയും പെട്ടു

# ഹെലികോപ്ടർ ഒരുവട്ടം തിരിച്ചിറക്കി, വ്യോമനിരീക്ഷണം ചുരുക്കി

**കൊച്ചി:** സംസ്ഥാനത്തെ പ്രളയക്കെടുതി വിലയിരുത്താൻ പ്രധാനമന്ത്രി നരേന്ദ്ര മോദി കയറിയ നാവികസേന ഹെലികോപ്ടർ മോശം കാലാവസ്ഥയെ തുടർന്ന് ഒരുവട്ടം തിരിച്ചിറക്കി. രണ്ടാമത്തെ ശ്രമം വിജയിച്ചെങ്കിലും ആലുവ, ചാലക്കുടി മേഖലകളിൽ മാത്രമായി വ്യോമനിരീക്ഷണം ചുരുക്കി. ഗവർണർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനം തുടങ്ങിയവർക്കൊപ്പമായിരുന്നു പ്രധാനമന്ത്രി വ്യോമസന്ദർശനം. അരമണിക്കൂർ മാത്രമാണു സംഘം ഹെലികോപ്ടറിൽ സഞ്ചരിച്ചത്.

1.25 മണിക്കൂർ നേരം സഞ്ചരിച്ചു പത്തനംതിട്ട, ചെങ്ങന്നൂർ ഉൾപ്പെടെ മധ്യകേരളത്തിലെ പ്രളയബാധിത പ്രദേശങ്ങളെല്ലാം സന്ദർശിക്കാനായിരുന്നു തീരുമാനം. കനത്ത മഴയും വെളിച്ചക്കുറവും കാരണമാണു ഹെലികോപ്ടർ ആദ്യം തിരിച്ചിറക്കേണ്ടിവന്നത്. വ്യോമനിരീക്ഷണത്തിനു ശേഷം നടത്താനിരുന്ന വിലയിരുത്തൽ യോഗം ഇതോടെ നേരത്തെയാക്കി. യോഗത്തിനുശേഷം കാലാവസ്ഥ കുറച്ചുകൂടി മെച്ചപ്പെട്ടപ്പോഴാണു പ്രധാനമന്ത്രി ഹെലികോപ്ടറിൽ പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ചത്. വെള്ളിയാഴ്ച രാത്രി തിരുവനന്തപുരത്തെത്തിയ പ്രധാനമന്ത്രി ഇന്നലെ രാവിലെ എട്ടോടെയാണു പ്രത്യേക വിമാനത്തിൽ കൊച്ചിയിലെത്തിയത്.

നാവിക വിമാനത്താവളത്തിൽ എത്തിയ പ്രധാനമന്ത്രിക്കൊപ്പം ഗവർണർ പി. സദാശിവം, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനം, റവന്യു മന്ത്രി ഇ. ചന്ദ്രശേഖരൻ, കേന്ദ്ര-സംസ്ഥാന ഉദ്യോഗസ്ഥർ തുടങ്ങിയവരുമുണ്ടായിരുന്നു. എട്ടരയോടെയാണു വ്യോമ സന്ദർശനത്തിനായി ഹെലികോപ്ടർ ആദ്യം പറന്നുയർന്നത്. ഈ ശ്രമം പരാജയപ്പെട്ടതോടെ ഒൻപതിനു ദക്ഷിണനാവിക സേന മേധാവിയുടെ കാര്യാലയത്തിൽ കെടുതികളെക്കുറിച്ചുള്ള വിലയിരുത്തൽ യോഗം ആരംഭിച്ചു.

10നു യോഗം അവസാനിച്ചു. തുടർന്നു ഹെലികോപ്ടറിൽ വീണ്ടും പുറപ്പെട്ടു. സന്ദർശനം പൂർത്തിയാക്കിയശേഷം പ്രധാനമന്ത്രി ഡൽഹിക്കു മടങ്ങി. ഗവർണറും മുഖ്യമന്ത്രിയും റവന്യുമന്ത്രിയും അടക്കമുള്ളവർ അദ്ദേഹത്തെ യാത്രയയച്ചു. നാവിക വിമാനത്താവളത്തിൽ എത്തിയ പ്രധാനമന്ത്രിയെ സ്വീകരിക്കുന്നതിനു ചീഫ് സെക്രട്ടറി ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി പി.എച്ച്. കുര്യൻ, കളക്ടർ മുഹമ്മദ് വൈ. സഫീറുള്ള, ഡിജിപി ലോക്നാഥ് ബെഹ്റ, ഐജി വിജയ് സാക്കറെ, സിറ്റി പോലീസ് കമ്മീഷണർ എം.പി. ദിനേശ്, ബിജെപി സംസ്ഥാന പ്രസിഡന്റ് പി.എസ്. ശ്രീധരൻപിള്ള, ജനറൽ സെക്രട്ടറി എം.ടി. രമേശ് തുടങ്ങിയവരും എത്തിയിരുന്നു.



**ദക്ഷിണനാവികസേന ആസ്ഥാനത്ത് പ്രളയക്കെടുതി വിലയിരുത്താനായി ചേർന്ന അവലോകന യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സംസാരിക്കുന്നു. ചീഫ് സെക്രട്ടറി ടോം ജോസ്, റവന്യു മന്ത്രി ഇ. ചന്ദ്രശേഖരൻ, മുഖ്യമന്ത്രി പിണറായി വിജയൻ, ഗവർണർ പി. സദാശിവം, കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനം തുടങ്ങിയവർ സമീപം.**